**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 472** | **16-03-2023 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയുടെ റെഡി ടു ഈറ്റ് ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ റെഡി ടു ഈറ്റ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. റെഡി റ്റു ഈറ്റ് ഉൾപ്പെടെയുള്ള കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണന വർദ്ധനവിനായി പ്രാദേശിക-ദേശീയ വിപണന മേളകൾ (മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, ഉത്സവ സീസണിലെ നിരവധി വിപണന മേളകൾ), സ്ഥിര വിപണന കേന്ദ്രങ്ങൾ (ബസാർ, നാനോ മാർക്കറ്റ്, കിയോസ്ക്, സംയോജിത വിപണന കേന്ദ്രങ്ങൾ), ഹോം ഷോപ്പുകൾ, ഓൺലൈൻ മാർക്കറ്റിംഗ് (ആമസോൺ, ഫ്ലിപ്പ് കാർട്ട്) തുടങ്ങിയ നാല് തരത്തിലുള്ള വിപണന മേഖലകളിലൂടെ കുടുംബശ്രീ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന വിവിധ തരം ഭക്ഷ്യോല്പ്പന്നങ്ങൾ വിപണിയിൽ ലഭ്യമാണ്. |
| (ബി) | കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നടപ്പ് സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (ബി) | കുടുംബശ്രീയുടെ വിവിധ പ്രവർത്തനത്തിനായി നടപ്പ സാമ്പത്തിക വർഷ (2022-23)ത്തിൽ 260 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (സി) | കുടുംബശ്രീയുടെ സംഘടനാ സംവിധാനം കൂടുതൽ വിപുലീകരിക്കുന്നതിനും സംഘങ്ങളുടെയും അംഗങ്ങളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ? | (സി) | കുടുംബശ്രീ സംഘടനാ സംവിധാനത്തെ വിപുലീകരിക്കുന്നതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളിൽ കൂടുതൽ ഉൾച്ചേർക്കൽ നടത്തുന്നതിനും, പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും, 18 മുതൽ 40 വയസ്സുവരെയുള്ള യുവതികൾക്കുവേണ്ടി ആരംഭിച്ചിട്ടുള്ള ഓക്സിലറി ഗ്രൂപ്പുകളിൽ കൂടുതൽ ഉൾച്ചേർക്കൽ നടത്തുന്നതിനും കൂടുതൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഇവരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഉപജീവനമേഖല, നൈപുണ്യവികസനം തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചുള്ള വിവിധ പരിശീലനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി അയൽക്കൂട്ടതലം |

| | | | |
|---|---|---|---|
| | | | വരെ എത്തുന്ന വിവിധ കാര്യശേഷി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ